

## ഫാത്തിമ മാതാ അഡോറേഷൻ കോൺവെന്റ് പാറപ്പുഴ

സ്ഥാപനം : 1953

പള്ളിയോടനുബന്ധിച്ച് ആരംഭിക്കാൻ അനുവദിക്കപ്പെട്ടിരുന്ന പ്രൈമറി സ്ക്കൂളിലെ അദ്ധ്യാപനത്തിനും ഇടവകയിലെ ഇതര ശുശ്രൂഷകൾക്കും വേണ്ടി മഠം സ്ഥാപിക്കാനാഗ്രഹിച്ച ഇടവക വികാരി ബ. പോൾ മേക്കുന്നേലച്ചൻ അന്നത്തെ ജനറാളമ്മയായിരുന്ന ബ. ക്രൂസമ്മയെ വിവരമറിയിച്ചു. സ്ഥലസൗകര്യങ്ങൾ പെട്ടെന്ന് ലഭ്യമല്ലാതിരുന്നതിനാൽ കോടിക്കുളം മഠത്തിൽ താമസിച്ചുകൊണ്ട് 2 സിസ്റ്റേഴ്സ് പാറപ്പുഴ വന്ന് പഠിപ്പിക്കാൻ തുടങ്ങി. പിന്നീട് പള്ളിയുടെ സമീപത്തുള്ള മേക്കുന്നേൽ കുഞ്ഞാഗസ്തിയുടെ വൈദ്യശാലയിൽ താമസമാക്കി. ഇപ്പോൾ മഠമിരിക്കുന്ന സ്ഥലം ബ. പോൾ മേക്കുന്നേലച്ചൻ ദാനമായി നല്കിയതാണ്. അവിടെ പണിത മഠത്തിലേയ്ക്ക് 1957-ൽ സിസ്റ്റേഴ്സ് താമസം മാറ്റി. കാലപ്പഴക്കത്തിൽ കേടായ കെട്ടിടം പുതുക്കിപ്പണിത് 1994-ൽ അവിടെ താമസമാക്കി. ഇപ്പോൾ നേഴ്സറി ഇരിക്കുന്ന സ്ഥലവും ബ. പോൾ മേക്കുന്നേലച്ചൻ (Junior) ദാനമായി തന്നതാണ്. സിസ്റ്റേഴ്സ് വിവിധ പ്രേഷിതമണ്ഡലങ്ങളിൽ ശുശ്രൂഷ ചെയ്തു വരുന്നു.